2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പാരമ്പര്യേതര ഊർജ്ജശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതിന് നടപടി

3 (*752) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ്ജശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനമേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) സൗരഗ്രാമ വൈദ്യുതീകരണ പരിപാടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; പ്രസ്തുത പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടത്തിന് എന്തു തുകയുടെ സഹായമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ എന്തു തുക വീതം ഒന്നും രണ്ടും ഘട്ടങ്ങളിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) പാരമ്പര്യേതര ഊർജ്ജശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം, ചെറുകിട ജലശക്തി, ജൈവോർജ്ജം തുടങ്ങിയവയിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ കാറ്റിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കാൻഉദ്ദേശിക്കുന്നു. ആയതിലേക്കായി കേരളത്തിൽ ഇത്തരത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള 16 പ്രദേശങ്ങളിൽ പദ്ധതികൾ തുടങ്ങുന്നതിന് താല്പര്യമുള്ളവരിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (Expression of interest) പത്രപരസ്യം മുഖേന ക്ഷണിച്ചിട്ടുണ്ട്.

(സി) സൗരഗ്രാമ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലേക്കായി 396.9 ലക്ഷം രൂപയുടേയും രണ്ടാം ഘട്ടത്തിലേക്കായി 861.116 ലക്ഷം രൂപയുടെയും കേന്ദ്ര സഹായമാണ് ലഭിച്ചിട്ടുള്ളത്.

(ഡി) തുക മുഴുവനും ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly